Teachingninja.in

Latest Govt Job updates

Private Job updates

Free Mock tests available

Visit - teachingninja.in

# KPSC Civil Excise Officer

## Previous Year Paper
## (Mains)
## 26 Feb, 2022

Teachingninja.in

# 025/22-M

ചോദ്യപുസ്തക അക്ഷരകോഡ് **A**

A

| | |
|---|---|
| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 90 മിനിട്ട്** |
| പരമാവധി മാർക്ക് **: 100** | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A



Teachingninja.in

Teachingninja.in



Teachingninja.in

1. താഴെ പറയുന്ന പ്രസ്താവനകളിൽ ഇന്ത്യയുടെ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങളിൽപ്പെടുന്നവ ഏതെല്ലാം ?
   i) സമാധാനപരമായ സഹവർത്തിത്വം.
   ii) വംശീയവാദത്തോടുള്ള വിദ്വേഷം.
   iii) വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ.
   A) (i) ഉം (ii) ഉം മാത്രം
   B) (i) ഉം (iii) ഉം മാത്രം
   C) (ii) ഉം (iii) ഉം മാത്രം
   D) മേൽപ്പറഞ്ഞവയെല്ലാം (i, ii, iii)

2. 1921-ൽ ഒറ്റപ്പാലത്തുവച്ച് നടന്ന ഒന്നാം കേരളസംസ്ഥാന രാഷ്ട്രീയ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ആരാണ് ?
   A) ടി. പ്രകാശം
   B) കെ. പി. കേശവമേനോൻ
   C) ആനിബസന്റ്
   D) ജവഹർലാൽ നെഹ്റു

3. താഴെ നൽകിയിരിക്കുന്നവരിൽ നിവർത്തന പ്രസ്ഥാനവുമായി ബന്ധപ്പെട്ടവർ ആരെല്ലാം ?
   i) എൻ. വി. ജോസഫ്
   ii) സി. കേശവൻ
   iii) ടി. കെ. മാധവൻ
   iv) ടി. എം. വർഗ്ഗീസ്
   A) (i) ഉം (ii) ഉം മാത്രം
   B) (i) ഉം (ii) ഉം (iv) ഉം
   C) (i) ഉം (iv) ഉം മാത്രം
   D) (i) ഉം (ii) ഉം (iii) ഉം

4. താഴെ പറയുന്നവയിൽ ഏതാണ് പണ്ഡിറ്റ് കറുപ്പനെ സംബന്ധിച്ച ശരിയായ പ്രസ്താവന.
   i) കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗമായിരുന്നു.
   ii) വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തു.
   iii) 'പുലയർ' എന്ന കവിത എഴുതി.
   A) (i) ഉം (ii) ഉം മാത്രം
   B) (ii) ഉം (iii) ഉം മാത്രം
   C) (i) ഉം (iii) ഉം മാത്രം
   D) (i) മാത്രം

5. ഇന്ത്യൻ അസോസിയേഷന്റെ സ്ഥാപകൻ ആരാണ് ?
   A) സുരേന്ദ്രനാഥ ബാനർജി
   B) കെ. ടി. തെലാങ്
   C) എം. വീരരാഘവാചാരിയർ
   D) ഫിറോസ്ഷാ മേത്ത

6. ഷാങ്ഹായ് സഹകരണ സംഘടനയിൽ ഉൾപ്പെടാത്ത രാജ്യമേത് ?
   A) ഇന്ത്യ
   B) ശ്രീലങ്ക
   C) പാകിസ്ഥാൻ
   D) ചൈന

7. ആൻഡമാൻ ദ്വീപസമൂഹത്തെയും നിക്കോബർ ദ്വീപസമൂഹത്തെയും തമ്മിൽ വേർതിരിക്കുന്ന സമുദ്ര ഭാഗം.
   A) പാക് കടലിടുക്ക്
   B) ടെൻ ഡിഗ്രി ചാനൽ
   C) ഇംഗ്ലീഷ് ചാനൽ
   D) ഇലവൻത് ഡിഗ്രി ചാനൽ



Teachingninja.in

8. ഇന്ത്യയുടെ രണ്ടാമത്തെ ഉയരം കൂടിയ കൊടുമുടി ഗോഡ്‌വിൻ ആസ്റ്റിൻ സ്ഥിതി ചെയ്യുന്ന പർവ്വതനിര.

A) ഹിമാലയം
B) പശ്ചിമഘട്ടം
C) ഹിന്ദുകുഷ്
D) കാരക്കോറം

9. 2011- ലെ സെൻസസ് പ്രകാരം ജനസാന്ദ്രതയിൽ ഒന്നാമത് നിൽക്കുന്ന സംസ്ഥാനം.

A) കേരളം
B) ബീഹാർ
C) ഉത്തർപ്രദേശ്
D) പശ്ചിമബംഗാൾ

10. ഭൂമിയുടെ അന്തർഭാഗത്തെ പാളികളിൽ ഏതാണ് ''നിഫെ'' എന്ന് അറിയപ്പെടുന്നത് ?

A) ആന്തര അകകാമ്പ്
B) ഭൂവൽക്കം
C) ബഹിരാവരണം
D) ബാഹ്യഅകകാമ്പ്

11. ആഗ്നേയശിലക്ക് ഉദാഹരണം.

A) മാർബിൾ
B) ഷെയ്ൽ
C) ബസാൾട്ട്
D) ലിഗ്നൈറ്റ്

12. ഇന്ത്യയുടെ അക്ഷാംശീയ വ്യാപ്തി.

A) 8°4'N to 35°7'N
B) 68°7'E to 97°25'E
C) 50°8'E to 80°24'E
D) 8°4'N to 37°6'N

13. താഴെപ്പറയുന്ന വിവിധ ധനകാര്യസ്ഥാപനങ്ങൾ, അവയുടെ ആസ്ഥാനങ്ങൾ എന്നിവയുടെ പട്ടികയിൽ നിന്നും യോജിക്കാത്തത് കണ്ടെത്തുക.

A) ലോകബാങ്ക് – വാഷിംഗ്ടൺ DC
B) ഏഷ്യൻ വികസന ബാങ്ക് – ബെയ്ജിംഗ്
C) ഭാരതീയ റിസർവ്വ് ബാങ്ക് – മുബൈ
D) അന്താരാഷ്ട്ര നാണ്യനിധി – വാഷിംഗ്ടൺ DC

14. ഇന്ത്യയുടെ ദേശീയവരുമാനം കണക്കാക്കുന്നതുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i) ഇന്ത്യയുടെ ദേശീയ വരുമാനം കണക്കാക്കുന്നതിനായി 1949-ൽ നാഷണൽ ഇൻകം കമ്മറ്റി രൂപീകരിച്ചു.
ii) ഇന്ത്യയിൽ ആദ്യമായി ദേശീയവരുമാനം കണക്കാക്കുന്നതിനുള്ള ശ്രമം നടത്തിയത് ദാദാഭായ് നവറോജി ആണ്.
iii) ദേശീയ വരുമാനം കണക്കാക്കുന്നതിനായി ഉൽപ്പന്ന രീതിയും വരുമാന രീതിയും ഉപയോഗിക്കുന്നു.

A) (i) & (ii)
B) (i) & (iii)
C) (ii) & (iii)
D) എല്ലാം ശരിയാണ്



Teachingninja.in

15. ലോകവ്യാപാര സംഘടനയുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയായവ കണ്ടെത്തുക.

i) ലോകവ്യാപാര സംഘടന നിലവിൽ വന്നത് 1995-ൽ ആണ്.

ii) അന്താരാഷ്ട്ര വ്യാപാര രംഗത്ത് എല്ലാ രാജ്യങ്ങൾക്കും തുല്യ അവസരം നൽകുക എന്നത് ലോക വ്യാപാര സംഘടനയുടെ പ്രധാന ലക്ഷ്യമാണ്.

iii) ലോക വ്യാപാര സംഘടന ഗാട്ടിന്റെ (GATT) പിന്തുടർച്ചക്കാരനായി അറിയപ്പെടുന്നു.

iv) ലോക വ്യാപാര സംഘടനയുടെ ആസ്ഥാനം ന്യൂയോർക്ക് ആണ്.

A) (i), (ii), (iii)
B) (i), (ii), (iv)
C) (ii), (iii), (iv)
D) എല്ലാം ശരിയാണ്

16. താഴെപ്പറയുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന കണ്ടെത്തുക.

A) സ്വതന്ത്ര ഇന്ത്യയിൽ ആസൂത്രണ കമ്മീഷൻ രൂപീകരിക്കുന്നത് 1950-ൽ ആണ്
B) ഇന്ത്യയിലെ 'ആസൂത്രണത്തിന്റെ ശില്പി'യായി അറിയപ്പെടുന്നത് P.C. മഹലനോബിസ് ആണ്
C) ആസൂത്രണ കമ്മീഷന്റെ ആദ്യത്തെ ഉപാധ്യക്ഷനാണ് ഗുൽസാരിലാൽനന്ദ
D) ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കരട് തയ്യാറാക്കിയത് P.C. മഹലനോബിസ് ആണ്

17. താഴെ പറയുന്നവയിൽ ഇന്ത്യയിലെ ഹരിത വിപ്ലവത്തിന്റെ രണ്ടാം ഘട്ടത്തിന്റെ കാലയളവ് ഏത് ?

A) 1960 കളുടെ മധ്യം മുതൽ 1970 കളുടെ മധ്യം വരെ
B) 1970 കളുടെ മധ്യം മുതൽ 1980 കളുടെ മധ്യം വരെ
C) 1950 കളുടെ മധ്യം മുതൽ 1960 കളുടെ മധ്യംവരെ
D) ഇവയൊന്നുമല്ല

18. ഭാരതീയ റിസർവ്വ് ബാങ്കിന്റെ നൂതന സംരംഭമായ ഡിജിറ്റൽ പേയ്മെന്റ് സൂചിക യുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i) 2021 ജനുവരി 1-ന് റിസർവ്വ് ബാങ്ക് തുടക്കമിട്ട പദ്ധതിയാണ്.

ii) ഈ സൂചികയുടെ അടിസ്ഥാന കാലയളവ് 2020 മാർച്ചാണ്.

iii) പണരഹിത ഇടപാടുകളുടെ വളർച്ച അളക്കുന്നതിനുള്ള സൂചികയാണ് ഡിജിറ്റൽ പേയ്മെന്റ് സൂചിക.

A) (i) ഉം (ii) ഉം ശരിയാണ്
B) (ii) ഉം (iii) ഉം ശരിയാണ്
C) (i) ഉം (iii) ഉം ശരിയാണ്
D) എല്ലാം ശരിയാണ്



Teachingninja.in

19. നിലവിൽ ഭരിക്കുന്ന രാഷ്ട്രീയ പാർട്ടി അടുത്ത തെരഞ്ഞെടുപ്പിൽ തങ്ങൾക്ക് ഗുണപ്രദമാകുന്ന തരത്തിൽ നിയോജക മണ്ഡലങ്ങൾ പുനർനിർണ്ണയം ചെയ്യുന്ന തിനെ അറിയപ്പെടുന്ന പേര് ?
   A) ഇനിഷിയേറ്റീവ് (Initiative)
   B) ജെറിമാൻഡറിംഗ് (Gerrymandering)
   C) റെഫറൻഡം (Referendum)
   D) റീ-കോൾ (Re-call)

20. ഇന്ത്യൻ ഭരണഘടനയിൽ പട്ടികജാതി-പട്ടികവർഗ്ഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന അനുച്ഛേദം ഏതാണ് ?
   A) 320 മുതൽ 329 വരെ
   B) 343 മുതൽ 350 വരെ
   C) 360 മുതൽ 368 വരെ
   D) 330 മുതൽ 342 വരെ

21. ഇന്ത്യയിൽ നിയോജക മണ്ഡലങ്ങളുടെ സംവരണം സംബന്ധിച്ച് തീരുമാനം എടുക്കുന്നത് ആരാണ് ?
   A) അതിർത്തി നിർണ്ണയ കമ്മീഷൻ
   B) തെരഞ്ഞെടുപ്പു കമ്മീഷൻ
   C) ഇന്ത്യൻ പാർലമെന്റ്
   D) സംസ്ഥാന നിയമസഭകൾ

22. തദ്ദേശീയ ഗവൺമെന്റ് സമിതികൾക്ക് ഭരണഘടനാപരമായ അംഗീകാരം നൽകണമെന്ന് ശുപാർശ ചെയ്ത കമ്മറ്റി.
   A) കാകാ കാലേക്കർ കമ്മീഷൻ
   B) സർക്കാരിയാ കമ്മീഷൻ
   C) പി. കെ. തുംഗൻ കമ്മീഷൻ
   D) ബെൽവന്ത്റായ് മേഹ്ത്ത കമ്മീഷൻ

23. 'ഭരണഘടനയുടെ മനസാക്ഷി' എന്ന് നിർദ്ദേശ തത്വങ്ങളേയും മൗലികാവകാശ ങ്ങളേയും വിശേഷിപ്പിച്ചത്
   A) H. R. ഖന്ന (H. R. Khanna)
   B) ജോൺ ഓസ്റ്റിൻ (John Austin)
   C) ഓസ്റ്റിൻ വാരിയർ (Austin Warrier)
   D) ഗ്രാൻവില്ലെ ഓസ്റ്റിൻ (Granville Austin)

24. ലോകസഭയുടെ പുതിയ സെക്രട്ടറി ജനറൽ താഴെപറയുന്നവരിൽ ആരാണ് ?
   A) സ്നേഹലത ശ്രീവാസ്തവ (Snehalatha Shrivastava)
   B) ഉത്പൽകുമാർ സിംങ് (Utpal Kumar Singh)
   C) സുദർശൻ അഗർവാൾ (Sudarsan Agarwal)
   D) ഓം ബിർല (Om Birla)

25. ഇന്ത്യൻ ഭരണഘടനാ നിർമ്മാണസഭയെ ആദ്യമായി അഭിസംബോധന ചെയ്ത വ്യക്തി.
   A) ജെ.ബി. കൃപലാനി
   B) ഡോ. രാജേന്ദ്രപ്രസാദ്
   C) ജവഹർലാൽ നെഹ്റു
   D) സച്ചിദാനന്ദ സിൻഹ



Teachingninja.in

26. ഒരു വ്യക്തി അയാൾക്ക് അർഹതയില്ലാത്ത ഉദ്യോഗം വഹിക്കുന്നതിനെ തടയുന്നതിനുള്ള റിട്ട്.
   A) ഹേബിയസ് കോർപസ് (Habeas Corpus)
   B) മൻഡമസ് (Mandamus)
   C) ക്വോ-വാറന്റോ (Quo-Warranto)
   D) പ്രൊഹിബിഷൻ (Prohibition)

27. 44-ാം ഭരണഘടനാ ഭേദഗതി നടപ്പിലാക്കുമ്പോൾ ഇന്ത്യയുടെ രാഷ്ട്രപതി ആരായിരുന്നു ?
   A) വി. വി. ഗിരി
   B) നീലം സഞ്ജീവ റെഡ്ഡി
   C) ഫക്രുദ്ദീൻ അലി അഹമ്മദ്
   D) ആർ. വെങ്കിട്ടരാമൻ

28. കേരളത്തിൽ നെൽവയൽ സംരക്ഷണനിയമം നിലവിൽ വന്നത്.
   A) 2008 Aug. 11
   B) 2008 Sept. 10
   C) 2009 Aug. 11
   D) 2009 Sept. 11

29. കേരളത്തിൽ കാൻസർ ചികിത്സ സൗജന്യമാക്കിയ പദ്ധതി.
   A) കാരുണ്യം
   B) ആർദ്രം
   C) സുകൃതം
   D) സ്നേഹക്കൂട്

30. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാൻ ഇടയാക്കിയ നിയമം.
   A) കേരള സർവ്വീസ് റൂൾസ്
   B) പബ്ലിക് സർവ്വീസ് ആക്ട് 1963
   C) കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ്
   D) കേരള പബ്ലിക് സർവ്വീസ് ആക്ട് (1968)

31. ഭരണഘടനയിൽ ഭരണട്രൈബ്യൂണലിനെപ്പറ്റി
   A) അനുച്ഛേദം 323 (A)
   B) അനുച്ഛേദം 326
   C) അനുച്ഛേദം 325
   D) അനുച്ഛേദം 322

32. ആരോഗ്യവാനായ ഒരു വ്യക്തിയുടെ ശ്വാസകോശത്തിലെ വായുവിനിമയവുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന അളവുകളിൽ ശരിയായവ തിരഞ്ഞെടുക്കുക.
   i) ശ്വസന വ്യാപ്തം : 1100 – 1200 mL
   ii) ഉച്ഛ്വാസ സംഭരണ വ്യാപ്തം : 2500 – 3000 mL
   iii) നിശ്വാസ സംഭരണ വ്യാപ്തം : 1000 – 1100 mL
   iv) ശിഷ്ട വ്യാപ്തം : 500 mL
   A) (i) ഉം (ii) ഉം മാത്രം
   B) (ii) ഉം (iii) ഉം മാത്രം
   C) (iii) ഉം (iv) ഉം മാത്രം
   D) (i), (ii), (iv) ഇവയെല്ലാം



Teachingninja.in

33. ''ഹൈഡ്രാർക്ക്'' എന്ന പാരിസ്ഥിതിക അനുക്രമത്തിലെ തന്നിരിക്കുന്ന വിവിധ ഘട്ടങ്ങളുടെ ശരിയായ ക്രമം കണ്ടെത്തുക.

a) സസ്യ പ്ലവക ഘട്ടം
b) പുല്ലുകൾ നിറഞ്ഞ ചതുപ്പ് ഘട്ടം
c) മുങ്ങികിടക്കുന്ന സസ്യങ്ങളുടെ ഘട്ടം
d) കുറ്റിച്ചെടികൾ ഉൾപ്പെട്ട ഘട്ടം
e) മുങ്ങികിടക്കുന്നതും ഒഴുകി നടക്കുന്നതുമായ സസ്യങ്ങളുടെ ഘട്ടം

A) a → d → e → b → c
B) c → e → a → b → d
C) a → c → e → b → d
D) e → b → d → c → a

34. തന്നിരിക്കുന്ന പ്രസ്താവനകളിൽ 'കരിമ്പുഴ' വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് ശരിയായവ കണ്ടെത്തുക.

i) മലപ്പുറം ജില്ലയിൽ സ്ഥിതി ചെയ്യുന്നു.
ii) കേരളത്തിലെ പതിനെട്ടാമത് വന്യജീവി സങ്കേതം.
iii) 2019 ജൂലൈ 6-ാം തീയ്യതി വന്യജീവി സങ്കേതമായി പ്രഖ്യാപിക്കപ്പെട്ടു.

A) (i) ഉം (ii) ഉം മാത്രം
B) (ii) ഉം (iii) ഉം മാത്രം
C) (iii) മാത്രം
D) (i), (ii), (iii) ഇവയെല്ലാം

35. തന്നിരിക്കുന്ന പ്രസ്താവനകളിൽ ടൈപ്പ്-2 പ്രമേഹവുമായി ബന്ധപ്പെട്ടവ ഏതെല്ലാം ?

i) ജുവനൈൽ ഡയബറ്റിസ് എന്നറിയപ്പെടുന്നു.
ii) ജീവിത ശൈലി രോഗമായി കരുതപ്പെടുന്നു.
iii) ഇൻസുലിൻ ആശ്രിത പ്രമേഹം എന്നറിയപ്പെടുന്നു.
iv) ഇൻസുലിൻ പ്രതിരോധം കാരണമുള്ള പ്രമേഹം എന്ന് അറിയപ്പെടുന്നു.

A) (i) ഉം (ii) ഉം മാത്രം
B) (i) ഉം (iii) ഉം മാത്രം
C) (ii) ഉം (iv) ഉം മാത്രം
D) (ii), (iii), (iv) ഇവയെല്ലാം

36. കേരളാ ആരോഗ്യക്ഷേമ വകുപ്പ് വിഭാവനം ചെയ്ത് ''അമൃതം ആരോഗ്യം'' പദ്ധതിക്ക് കീഴിൽ നടപ്പാക്കുന്ന മറ്റു പദ്ധതികൾ തന്നിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.

i) നയനാമൃതം
ii) പാദസ്പർശം
iii) ആർദ്രം
iv) SIRAS

A) (i), (ii), (iii) ഇവയെല്ലാം
B) (ii), (iii), (iv) ഇവയെല്ലാം
C) (i), (ii), (iv) ഇവയെല്ലാം
D) (i) ഉം (iv) ഉം മാത്രം

37. ലോകത്തിലെ ആദ്യത്തെ പ്ലാസ്മിഡ് DNA കോവിഡ് വാക്സിൻ ഏത് ?

A) കോവിജെൻ
B) സൈക്കോവ് – ഡി
C) സാർസ് കോവ് – 2
D) കോർവാക്സ് – 12



Teachingninja.in

38. തലയിൽ ചുമടുമായി നടന്നു നീങ്ങുന്ന ഒരാൾ ചെയ്യുന്ന പ്രവൃത്തി എന്തായിരിക്കും ?
A) നെഗറ്റീവ് ആയിരിക്കും
B) പൂജ്യമായിരിക്കും
C) പോസിറ്റീവ് ആയിരിക്കും
D) കൃത്യമായി പറയാൻ സാധിക്കില്ല

39. ''ഒരു കേന്ദ്രീകൃത ദ്രവത്തിൽ പ്രയോഗിക്കുന്ന മർദ്ദം എല്ലാ ദിശയിലേക്കും ഒരേ അളവിൽ വ്യാപിക്കും''. ഈ പ്രസ്താവന ഏതു നിയമം ആണ് ?
A) ആർക്കമിഡീസ് നിയമം
B) ബെർനോളിസ് സിദ്ധാന്തം
C) പാസ്കൽ നിയമം
D) ദ്രവ തുടർച്ചാ നിയമം

40. പ്രൊജക്ടൈൽ മോഷനുദാഹരണം താഴെപ്പറയുന്നവയിൽ ഏതാണ് ?
A) ജാവലിന്റെ സഞ്ചാരം
B) റോക്കറ്റിന്റെ സഞ്ചാരം
C) മിസൈലിന്റെ സഞ്ചാരം
D) A യും B യും C യും ശരിയാണ്

41. ഇന്ത്യൻ നിർമ്മിത ഉപഗ്രഹ വിക്ഷേപണ വാഹനത്തിൽ ഉൾപ്പെടാത്തത് താഴെപ്പറയുന്നതിൽ ഏതാണ് ?
A) ജി. എസ്. എൽ. വി.
B) പി. എസ്. എൽ. വി.
C) ആർ. എൽ. വി. – റ്റി. ഡി.
D) ഡി. എൽ. വി. – റ്റി. ബി.

42. താഴെക്കൊടുത്തിരിക്കുന്നവയിൽ ഭിന്നാത്മക മിശ്രിതത്തിന് ഉദാഹരണം ഏത് ?
A) വായു
B) പെട്രോൾ
C) മണ്ണ്
D) സ്റ്റീൽ

43. ചുവടെ നൽകിയിരിക്കുന്ന ഗ്രാഫ് ഏത് വാതകനിയമത്തെ പ്രതിനിധാനം ചെയ്യുന്നു ?
A) ബോയിൽ നിയമം
B) ചാൾസ് നിയമം
C) ഗേലുസാക് നിയമം
D) അവഗാഡ്രോ നിയമം

44. കാർബണിന്റെ താപഗതിക സ്ഥിരത ഏറ്റവും കൂടുതലുള്ള രൂപാന്തരത്വം ഏത് ?
A) ഡയമണ്ട്
B) ഗ്രാഫൈറ്റ്
C) ഫുള്ളറിൻ
D) ചാർക്കോൾ



Teachingninja.in

45. ഏത് മേഖലയിലെ ഗവേഷണത്തിനാണ് 2021-ലെ കെമിസ്ട്രി നോബൽ സമ്മാനം നൽകിയത് ?
   A) ജീനോം എഡിറ്റിംഗ്
   B) ലിഥിയം – അയോൺ ബാറ്ററികൾ
   C) ക്രയോ-ഇലക്ട്രോൺ മൈക്രോസ്കോപ്പി
   D) അസിമട്രിക് ഓർഗാനോ കറ്റാലിസിസ്

46. താഴെ കൊടുത്തിരിക്കുന്നവയിൽ ചന്തുമേനോന്റെ നോവലുകൾ ഏവ ?
   i) കുന്ദലത  ii) ഇന്ദുലേഖ  iii) മീനാക്ഷി  iv) ശാരദ
   A) ഒന്നും മൂന്നും മാത്രം
   B) രണ്ടും മൂന്നും മാത്രം
   C) ഒന്നും നാലും മാത്രം
   D) രണ്ടും നാലും മാത്രം

47. ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് മാണിമാധവ ചാക്യാർക്ക് അനുയോജ്യമായവ മാത്രം കണ്ടെത്തുക.
   i) 'കഥകളിക്ക് കണ്ണുകൾ നല്കിയ കലാകാരൻ' എന്ന് അറിയപ്പെടുന്നു.
   ii) കൂടിയാട്ടത്തെക്കുറിച്ച് 'നാട്യകല്പദ്രുമം' എന്ന ഗ്രന്ഥം രചിച്ചു.
   iii) 1974-ൽ പത്മശ്രീ പുരസ്കാരം ലഭിച്ചു.
   iv) 'ഛത്രവും ചാമരവും' എന്ന നിരൂപണ ഗ്രന്ഥം രചിച്ചു.
   A) രണ്ടും മൂന്നും നാലും മാത്രം
   B) ഒന്നും രണ്ടും മൂന്നും മാത്രം
   C) ഒന്നും മൂന്നും നാലും മാത്രം
   D) ഒന്നും രണ്ടും നാലും മാത്രം

48. തുടർച്ചയായി രണ്ട് ഒളിംപിക്സുകളിൽ വ്യക്തിഗത മെഡൽ നേടുന്ന ആദ്യ വനിതാതാരം ?
   A) മീരാ ഭായ് ചാനു
   B) പി. വി. സിന്ധു
   C) ലവ്‌ലിന ബോർഗോഹെയൻ
   D) ഇവരാരുമല്ല

49. ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ച മഹാരാജാവ് ആര് ?
   A) ശ്രീമൂലം തിരുനാൾ രാമവർമ്മ
   B) വിശാഖം തിരുനാൾ രാമവർമ്മ
   C) ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ
   D) ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ

50. 2020-ലെ ജെ. സി. ദാനിയേൽ പുരസ്കാരം നേടിയ കലാകാരൻ ആര് ?
   A) ഹരിഹരൻ
   B) പി. ജയചന്ദ്രൻ
   C) എം. ജയചന്ദ്രൻ
   D) ശ്രീകുമാരൻ തമ്പി



Teachingninja.in

51. ഒറ്റയാൻ ഏത് ?
61, 71, 41, 91
A) 61 B) 71 C) 41 D) 91

52. വിട്ടുപോയ സംഖ്യ ഏത് ?
511, 342, 215, ____, 63
A) 125 B) 124 C) 123 D) 127

53. PENTAGON = QBOQBDPK ആയാൽ RECTANGLE എന്തായിരിക്കും ?
A) SBDQBKHIF B) SBDQCKHIF
C) SBDBQKHIF D) SBQDBKHIF

54. 4.35 am ന് ക്ലോക്കിലെ മണിക്കൂർ സൂചിക്കും മിനിറ്റ് സൂചിക്കും ഇടയിലുള്ള കോണളവ് എത്രയായിരിക്കും ?
A) 73° B) 72° C) 72.5° D) 74°

55. വിട്ടുപോയ ചിഹ്നങ്ങൾ ഏതായിരിക്കും ?
9__8__8__4__9 = 65
A) –, +, ×, ÷ B) ÷, × , +, – C) ÷, +, × , – D) × , +, ÷, –

56. $\left(\frac{-1}{27}\right)^{-2/3} =$
A) $\frac{1}{9}$ B) 9 C) $-\frac{1}{9}$ D) –9

57. $\frac{1}{x}:\frac{1}{y}:\frac{1}{z} = 2 : 3 : 5$ ആയാൽ x : y : z എത്ര ആയിരിക്കും ?
A) 2 : 3 : 5 B) 6 :10 : 15 C) 5 : 3 : 2 D) 15 :10 : 6

58. ഒരു ക്യൂബിന്റെ വികർണ്ണത്തിന്റെ നീളം $4\sqrt{3}$ cm ആയാൽ അതിന്റെ വ്യാപ്തം എത്ര ആയിരിക്കും ?
A) 16 $cm^3$ B) 27 $cm^3$ C) 64 $cm^3$ D) 48 $cm^3$

59. $\sqrt{\frac{(0.27)^2 + (0.21)^2 + (0.29)^2}{(0.027)^2 + (0.021)^2 + (0.029)^2}} =$
A) 10 B) 100 C) 0.1 D) 0.01

60. ഒരു സമാന്തര പ്രോഗ്രഷന്റെ 24-ാം പദം –63 ആയാൽ അതിന്റെ ആദ്യത്തെ 47 പദങ്ങളുടെ തുക എത്ര ആയിരിക്കും ?
A) –2961 B) –2691 C) –2791 D) –2963



Teachingninja.in

61. Select the antonym of the word "PLAINTIVE".
A) Dejected B) Delighted C) Sad D) Doleful

62. Pick the synonym of 'DILIGENCE' from the options given below.
A) Negligence B) Indolence C) Assiduity D) Idleness

63. Identify the part of speech of the underlined portion of the sentence given below
I will die <u>before I yield.</u>
A) adverb B) adverb phrase C) adverb clause D) adjective

64. Spot the error in the following sentence.
100 rupees/ (1) are not a / (2) big sum of money/ (3) for the students (4)
A) 1 B) 2 C) 3 D) 4

65. Pick the indirect form of the sentence given below from the options
Ram said to his brother, "where are you going ?"
A) Ram asked his brother where he was going
B) Ram said to his brother where was he going
C) Ram asked his brother where were he going
D) Ram asked his brother where are you going

66. Pick the passive form of the sentence given below from the options
They were beating the boy.
A) The boy was being beaten by them
B) The boy were being beaten by them
C) The boy was beaten by them
D) None of the above

67. Pick the plural form of the word "INDEX".
A) Index B) Indexes C) Indexs D) Indecces

68. Let's meet __________ the theatre.
A) At B) In C) Upon D) On

69. ____________ means "to examine one's on thoughts and feelings".
A) Recollection B) Introspection C) Speculation D) Recounting

70. His face was ________ after the street fight.
A) Black balled B) Black and Blue
C) Alpha and Omega D) Browned off



Teachingninja.in

71. 'ഇരുട്ടത്ത് കണ്ണ് കാണാൻ പ്രയാസമാണ് ' എന്ന വാക്യത്തിന്റെ ശരിയായ രൂപം താഴെക്കൊടുക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.
   i) കണ്ണുകാണാൻ ഇരുട്ടത്ത് പ്രയാസമാണ്.
   ii) ഇരുട്ടത്ത് കാണാൻ പ്രയാസമാണ്.
   iii) ഇരുട്ടത്ത് പ്രയാസമാണ് കണ്ണുകാണാൻ
   iv) പ്രയാസമാണ് ഇരുട്ടത്ത് കാണാൻ
   A) ഒന്ന് B) മൂന്ന് C) രണ്ട് D) നാല്

72. ശരിയായ പദം തിരഞ്ഞെടുക്കുക.
   i) സ്വച്ഛന്തം ii) സ്വച്ഛന്ദം iii) സ്വഛന്തം iv) സ്വഛന്ദം
   A) മൂന്ന് B) നാല് C) ഒന്ന് D) രണ്ട്

73. രക്തത്തിന്റെ പര്യായമല്ലാത്ത വാക്കുകളാണ്.
   i) രുധിരം ii) പിണം iii) ബധിരം iv) നിണം
   A) രണ്ടും നാലും B) ഒന്നും രണ്ടും
   C) രണ്ടും മൂന്നും D) ഒന്നും മൂന്നും

74. 'ഊട്ടിന് മുൻപും ചൂട്ടിനു പിറകും' എന്ന ശൈലി കൊണ്ട് അർത്ഥമാക്കുന്നത്.
   i) ഭക്ഷണത്തിന്റെ പ്രാധാന്യം. ii) ഭക്ഷണത്തോടുള്ള അത്യാർത്തി.
   iii) കാര്യം നോക്കി പെരുമാറുക. iv) സ്വാർത്ഥതയോടെയുള്ള പെരുമാറ്റം.
   A) ഒന്ന് B) നാല് C) മൂന്ന് D) രണ്ട്

75. തുലാം + ഇന്റെ ചേർത്തെഴുതിയാൽ
   i) തുലാമിന്റെ ii) തുലാത്തിന്റെ iii) തുലാതിന്റെ iv) തുലാമ്മിന്റെ
   A) ഒന്ന് B) മൂന്ന് C) രണ്ട് D) നാല്

76. അപരാധി എന്ന വാക്കിന്റെ സ്ത്രീലിംഗം.
   A) അപരാധിക B) അപരാധിണി C) അപരാധിനി D) അപരാധക

77. പൂജക ബഹുവചന രൂപം കണ്ടുപിടിക്കുക.
   A) വേടർ B) പണിക്കാർ
   C) വൈദ്യർ D) അദ്ധ്യാപകർ

78. 'മരക്കൊമ്പ് ' പിരിച്ചെഴുതിയാൽ
   A) മരം + കൊമ്പ് B) മര + കൊമ്പ്
   C) മര + ക്കൊമ്പ് D) മരത്തിന്റെ + കൊമ്പ്

79. ശരത്, ചന്ദ്രൻ എന്നീ വാക്കുകൾ ഒറ്റപ്പദമാക്കിയാൽ
   A) ശരത് ചന്ദ്രൻ B) ശരശ്ചന്ദ്രൻ
   C) ശരച്ചന്ദ്രൻ D) ശരൽചന്ദ്രൻ

80. താഴെക്കൊടുത്തിരിക്കുന്നവയിൽ 'സ്വാതന്ത്ര്യം' എന്ന പദത്തിന്റെ വിപരീതം.
   A) അസ്വാതന്ത്ര്യം B) പാരതന്ത്രം
   C) നിസ്വാതന്ത്ര്യം D) പാരതന്ത്ര്യം



Teachingninja.in

81. അബ്കാരി നിയമത്തിലെ ഏതു വകുപ്പ് പ്രകാരമാണ് കുറ്റകരമായ ഗൂഢാലോചന കുറ്റകൃത്യമാകുന്നത് ?
A) 55 – B B) 55 – C C) 55 – D D) 55 – E

82. അബ്കാരി നിയമപ്രകാരം എത്ര വയസ്സ് മുതലുള്ളവർക്കാണ് മദ്യം കൈവശം വെക്കുവാനും, ഉപയോഗിക്കുവാനും അനുവാദമുള്ളത് ?
A) 18 B) 20 C) 25 D) 23

83. താഴെ പറയുന്ന ദിവസങ്ങളിൽ ഏതു ദിവസമാണ് അബ്കാരി ആക്ട് പ്രകാരം ഡ്രൈ ഡേ ആയി വിജ്ഞാപനം ചെയ്തിട്ടുള്ളത് ?
A) ദുഃഖ വെള്ളി B) ശ്രീകൃഷ്ണ ജയന്തി
C) അംബേദ്കർ ജയന്തി D) സ്വാതന്ത്ര്യ ദിനം

84. താഴെ പറയുന്നതിൽ എക്സൈസ് വകുപ്പിൽ ഏത് ഉദ്യോഗസ്ഥനും അതിനും മുകളിൽ ഉള്ളവർക്കുമാണ് കള്ളുഷാപ്പുകളിൽ പരിശോധന നടത്തുവാൻ അധികാരമുള്ളത് ?
A) എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിൽ
B) എക്സൈസ് പ്രിവന്റീവ് ഓഫീസർ മുതൽ മുകളിൽ
C) എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിൽ
D) സിവിൽ എക്സൈസ് ഓഫീസർ മുതൽ മുകളിൽ

85. NDPS നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് വധ ശിക്ഷ നൽകുന്നത് ?
A) 30 B) 31– B C) 34 D) 31 – A

86. 15 കിലോഗ്രാം കഞ്ചാവ് കൈവശം വെച്ച് കടത്തിക്കൊണ്ടുവന്ന ഒരു വ്യക്തിയ്ക്കെതിരെ NDPS നിയമത്തിലെ ഏത് വകുപ്പുപ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്യുന്നത് ?
A) 20 (b) (ii) (A) B) 20 (b) (ii) (B) C) 20 (a) (i) D) 20 (b) (ii) (C)

87. ഇന്ത്യൻ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരം റെക്ടിഫൈഡ് സ്പിരിറ്റ് റെക്ടിഫിക്കേഷനിലൂടെയോ, റി-ഡിസ്റ്റിലൈസേഷനിലൂടെയോ വേർതിരിച്ചെടുക്കുമ്പോൾ ലഭിക്കുന്ന സ്പിരിറ്റ് അറിയപ്പെടുന്നത്.
A) ഫെനിടിസ് B) മാൾട്ട് സ്പിരിറ്റ് C) ന്യൂട്രൽ സ്പിരിറ്റ് D) പ്രൂഫ് സ്പിരിറ്റ്

88. സ്പിരിറ്റ് പാനയോഗ്യമല്ലാതെ ആക്കി മാറ്റുവാൻ താഴെ പറയുന്നതിൽ ഏത് വസ്തുവാണ് ഉപയോഗിക്കുന്നത് ?
A) വോർട്ട് B) ക്രൂഡ് പിരിഡിൻ C) സ്പെന്റ് വാഷ് D) ഇവയെല്ലാം

89. ഡിസ്റ്റിലറികളിൽ മദ്യ നിർമ്മാണത്തിനായി ഉപയോഗിക്കുന്ന മോളാസിസുകൾ കടത്തിവിടുന്ന പൈപ്പുകളുടെ നിറം.
A) പച്ച B) നീല C) മഞ്ഞ D) വെള്ള

90. താഴെപ്പറയുന്നവയിൽ കേരളത്തിലെ മദ്യവില്പന അനുവദിച്ചുകൊണ്ടുള്ള വിവിധ ലൈസൻസുകൾ സംബന്ധിച്ച് ശരിയേത് ?

A) $FL_{4A}$ – ക്ലബ്ബ് ലൈസൻസ്
$FL_6$ – സ്പെഷ്യൽ ലൈസൻസ്
$FL_9$ – ബിയർ/വൈൻ പാർലർ ലൈസൻസ്
$FL_{11}$ – വിദേശമദ്യ മൊത്ത വില്പന ലൈസൻസ്

B) $FL_{4A}$ – സ്പെഷ്യൽ ലൈസൻസ്
$FL_6$ – ക്ലബ്ബ് ലൈസൻസ്
$FL_9$ – ബിയർ/വൈൻ പാർലർ ലൈസൻസ്
$FL_{11}$ – വിദേശ മദ്യ മൊത്ത വില്പന ലൈസൻസ്

C) $FL_{4A}$ – ക്ലബ്ബ് ലൈസൻസ്
$FL_6$ – സ്പെഷ്യൽ ലൈസൻസ്
$FL_9$ – വിദേശ മദ്യ മൊത്ത വില്പന ലൈസൻസ്
$FL_{11}$ – ബിയർ/വൈൻ പാർലർ ലൈസൻസ്

D) $FL_{4A}$ – വിദേശമദ്യ മൊത്ത വില്പന ലൈസൻസ്
$FL_6$ – ക്ലബ്ബ് ലൈസൻസ്
$FL_9$ – സ്പെഷ്യൽ ലൈസൻസ്
$FL_{11}$ – ബിയർ/വൈൻ പാർലർ ലൈസൻസ്



Teachingninja.in

91. കേരളത്തിൽ വിദേശമദ്യ ചില്ലറ വില്പനശാല സ്ഥാപിക്കുന്നതിന് സ്കൂൾ/കോളേജു കളിൽ നിന്നും വേണ്ട കുറഞ്ഞ ദൂര പരിധി.

A) 50 meter B) 100 meter C) 200 meter D) 400 meter

92. താഴെപ്പറയുന്നവയിൽ നിയമം മൂലം കേരളത്തിൽ മദ്യവില്പന നിരോധിച്ചിട്ടില്ലാത്ത ദിവസമേത് ?

A) ഒക്ടോബർ 2 B) ജനുവരി 30 C) ജൂൺ 26 D) ആഗസ്റ്റ് 15

93. പൊതുസ്ഥലത്തെ പുകവലി നിരോധിച്ചിരിക്കുന്നത് COTPA ആക്ടിലെ ഏത് വകുപ്പ് പ്രകാരം ?

A) 5 B) 6 C) 4 D) 7

94. സ്കൂൾ പരിസരത്ത് 100 യാർഡ് ചുറ്റളവിൽ പുകയില ഉത്പന്നങ്ങൾ വില്പന നടത്തിയാൽ COTPA ആക്ട് പ്രകാരം ചുമത്താവുന്ന കൂടിയ പിഴ.

A) 500 രൂപ
B) 1,000 രൂപ
C) 200 രൂപ
D) ഇവയൊന്നുമല്ല

95. ഇന്ത്യയിൽ വില്പന നടത്തുന്ന പുകയില ഉത്പന്ന പാക്കറ്റിൽ എത്ര ശതമാനം സ്ഥലത്ത് പുകയില ഉത്പന്നം ഉപയോഗിച്ചാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുക്കളെക്കുറിച്ച് മുന്നറിയിപ്പ് ഉണ്ടാകണം ?

A) 85% B) 70% C) 65% D) 50%

96. ആരോഗ്യത്തിന് ഹാനികരമാകുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ഭരണഘടനയുടെ എത്രാമത്തെ അനുഛേദത്തിലാണ് (ആർട്ടിക്കിൾ) നിർദ്ദേശിച്ചിരിക്കുന്നത് ?

A) ആർട്ടിക്കിൾ – 51
B) ആർട്ടിക്കിൾ – 49
C) ആർട്ടിക്കിൾ – 47
D) ആർട്ടിക്കിൾ – 48

97. ലഹരി വിരുദ്ധ കാമ്പയിൻ ''വിമുക്തി'' മിഷന്റെ ഗവേർണിങ്ങ് ബോഡി ചെയർമാൻ

A) മുഖ്യമന്ത്രി
B) ഗവർണർ
C) എക്സൈസ് വകുപ്പ് മന്ത്രി
D) ചീഫ് സെക്രട്ടറി

98. കേരളത്തിൽ മദ്യ ഉപഭോഗം അനുവദിച്ചിരിക്കുന്നത് എത്ര വയസ്സ് മുതലാണ് ?

A) 18 B) 23 C) 21 D) 20

99. ഐ. ടി. ആക്ട് 2000 പ്രകാരം, സൈബർ തീവ്രവാദത്തിനുള്ള പരമാവധി തടവു ശിക്ഷ എത്രയാണ് ?

A) ജീവപര്യന്തം തടവ്
B) 12 വർഷം തടവ്
C) 10 വർഷം തടവ്
D) 7 വർഷം തടവ്

100. ഐ. ടി. ആക്ട് 2000, സെക്ഷൻ 77 B പ്രകാരം _______ തടവുശിക്ഷ പ്രതിപാദിച്ചി ട്ടുള്ള കുറ്റങ്ങൾ ജാമ്യം ലഭിയ്ക്കാവുന്നതാണ് (ബെയിലബിൾ).

A) 4 വർഷം
B) 5 വർഷം
C) 6 വർഷം
D) മുകളിൽ പറഞ്ഞതൊന്നുമല്ല



Teachingninja.in

Space for Rough Work



Teachingninja.in

**PROVISIONAL ANSWER KEY**
**Question Code: 025/2022**
**Medium of Question- Malayalam**
**Civil Excise Officer/ Women Civil Excise Officer (Plus 2 Level Main Examination) in Excise. Cat. No: 120/2019, 121/2019, 270/2019 to 274/2019, 465/2019, 466/2019, 538/2019, 539/2019 & 45/2020**

| Date of Test: 26.02.2022 | | | |
|---|---|---|---|
| QUESTION BOOKLET ALPHACODE A | | | |
| Q No. | | Q. No. | |
| 1 | D | 51 | D |
| 2 | A | 52 | B |
| 3 | B | 53 | A |
| 4 | C | 54 | C |
| 5 | A | 55 | D |
| 6 | B | 56 | B |
| 7 | B | 57 | D |
| 8 | D | 58 | C |
| 9 | B | 59 | A |
| 10 | A | 60 | A |
| 11 | A | 61 | B |
| 12 | D | 62 | C |
| 13 | B | 63 | C |
| 14 | D | 64 | B |
| 15 | A | 65 | A |
| 16 | D | 66 | A |
| 17 | B | 67 | B |
| 18 | C | 68 | A |
| 19 | B | 69 | B |
| 20 | D | 70 | B |
| 21 | A | 71 | C |
| 22 | C | 72 | D |
| 23 | D | 73 | C |
| 24 | B | 74 | C |
| 25 | A | 75 | C |
| 26 | C | 76 | D |
| 27 | B | 77 | C |
| 28 | A | 78 | B |
| 29 | C | 79 | A |
| 30 | D | 80 | D |
| 31 | A | 81 | C |
| 32 | B | 82 | D |
| 33 | C | 83 | A |
| 34 | A | 84 | B |
| 35 | C | 85 | D |
| 36 | C | 86 | B |
| 37 | B | 87 | C |
| 38 | B | 88 | B |
| 39 | C | 89 | B |
| 40 | A | 90 | C |
| 41 | D | 91 | C |
| 42 | C | 92 | D |
| 43 | A | 93 | C |
| 44 | B | 94 | C |
| 45 | D | 95 | A |
| 46 | D | 96 | C |
| 47 | B | 97 | A |
| 48 | B | 98 | B |
| 49 | D | 99 | A |
| 50 | B | 100 | D |

Teachingninja.in